TCPKLM/487/2022-C

I/80938/2023

## ജില്ലാ ടൗൺ പ്ലാനറുടെ നടപടിക്രമം

വിഷയം: കൊട്ടാരക്കര നഗര സഭയിൽ കൊട്ടാരക്കര വില്ലേജിൽ റീസർവ്വേ നമ്പർ 160/1, 160/8-1-2, 160/8-2-2, 160/9, 160/10, 160/8-2, 160/8, 160/2-2, 160/2-3 എന്നിവയിൽ ഉൾപ്പെട്ട 55.30 ആർ വിസ്തൃതിയുള്ള സ്ഥലത്തു നിലവിലുള്ള 172.12 ച മീ വിസ്തൃതിയുള്ള ഒറ്റ നില വിദ്യാഭ്യാസ കെട്ടിടത്തിനു പുറമെ 8014.88 ച.മീ വിസ്തൃതിയിൽ (GF+4F+ Stair cabin) ഹോസ്പിറ്റൽ കെട്ടിടം നിർമ്മിക്കുന്നതിന് ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു..

പരാമർശം: Dr.വി.എസ്. രാജീവ്, Dr. മിനി രാജീവ്, മാനേജിങ് ഡയറക്ടർ, രാജീവ് ഹെൽത്ത് കെയർ ആൻഡ് റിസേർച് പ്രൈവറ്റ് ലിമിറ്റഡ്, പുലമൺ പി ഒ, കൊട്ടാരക്കര സമർപ്പിച്ച 19/09/2022, 21/10/2022, 30/12/2022 എന്നീ തീയതികളിലെ അപേക്ഷകൾ.

---

**ഉത്തരവ് നമ്പർ TCPKLM/487/2022/C തീയതി 04-01-2023**

---

കൊട്ടാരക്കര നഗര സഭയിൽ കൊട്ടാരക്കര വില്ലേജിൽ റീസർവ്വേ നമ്പർ 160/1, 160/8-1-2, 160/8-2-2, 160/9, 160/10, 160/8-2, 160/8, 160/2-2, 160/2-3 എന്നിവയിൽ ഉൾപ്പെട്ട 55.30 ആർ വിസ്തൃതിയുള്ള സ്ഥലത്തു നിലവിലുള്ള 172.12 ച മീ വിസ്തൃതിയുള്ള ഒറ്റ നില വിദ്യാഭ്യാസ കെട്ടിടത്തിനു പുറമെ 8014.88 ച.മീ വിസ്തൃതിയിൽ (GF+4F+ Stair cabin) ഹോസ്പിറ്റൽ കെട്ടിടം നിർമ്മിക്കുന്നതിന് ലേ-ഔട്ട് അനുമതി ലഭ്യമാകുന്നതിന് വേണ്ടി Dr.വി.എസ്.രാജീവ്, Dr. മിനി രാജീവ്, മാനേജിങ് ഡയറക്ടർ, രാജീവ് ഹെൽത്ത് കെയർ ആൻഡ് റിസേർച് പ്രൈവറ്റ് ലിമിറ്റഡ്, പുലമൺ പി ഒ, കൊട്ടാരക്കര സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ KMBR-2019-നും താഴെപറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ:**

1. താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃത ഏജൻസികളുടെ അനുമതി/എൻ.ഒ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പു വരുത്തിയ ശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമാണാനുമതി/ ഒക്യുപെൻസി നൽകുവാൻ പാടുള്ളു.
2. നിർമ്മാണം കെ.എം.ബി.ആർ. 2019 നും അനുബന്ധഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും വിധേയമായിരിക്കണം.
3. KMBR 2019 ലെ ചട്ടം 9(2) പ്രകാരം നിർമ്മാണ സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വേ നമ്പർ, വിസ്തൃതി, അളവുകൾ, അതിരുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ ടി പ്ലോട്ടിൽ പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടില്ലായെന്ന് സെക്രട്ടറി ഉറപ്പാക്കണം.
4. പ്രസ്തുത സ്ഥലത്തു നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ലായെന്നു ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.
5. പ്ലോട്ടിൽ, പരിസരവാസികൾക്ക് ദോഷമുണ്ടാകാത്ത വിധത്തിൽ, ഡ്രെയിനേജിനുള്ള (മഴവെള്ളം /മലിനജലം) സൗകര്യം നല്കിയിരിയ്ക്കണം.
6. നിർമ്മാണം കെ.എം.ബി.ആർ. 2019 ചട്ടം 79 ന് അനുസൃതമായി മാലിന്യനിർമ്മാർജ്ജന സംവിധാനം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.

7. ചട്ടം അനുസരിച്ച് ആവശ്യമായ പാർക്കിങ് (വാഹനങ്ങൾ തിരിക്കാനും മറ്റും ആവശ്യമായ സ്ഥലം ഉൾപ്പെടെ) പ്ലോട്ടിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും പാർക്കിങ്ങിനായി മാറ്റിവച്ചിട്ടുള്ള സ്ഥലം ഭാവിയിൽ മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്നില്ല എന്നും സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.

8. ചട്ടം 22(5) പ്രകാരം വൈദ്യുതി പ്രസരണ ലൈനിനും നിർമ്മാണത്തിനും ഇടയിൽ ആവശ്യമായ അകലം ലഭ്യമാകുന്നുണ്ടെന്നും ആവശ്യമെങ്കിൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനിൽ നിന്നുമുള്ള നിരാക്ഷേപ പത്രം സെക്രട്ടറി ലഭ്യമാക്കേണ്ടതുമാണ്.

9. നിർദ്ദിഷ്ട നിർമ്മാണം മൂലം പ്ലോട്ടിൽ നിലവിലുള്ള കെട്ടിടത്തിന്റെ/ സമീപ പ്ലോട്ടിലുള്ള കെട്ടിടത്തിന്റെ സുരക്ഷയെ ബാധിക്കുന്നില്ല എന്നും മണ്ണ് കുഴിച്ച് മാറ്റുന്നത് 1.5 മീറ്ററിലധികം ആഴത്തിലാകുന്ന പക്ഷം ചട്ടം 10 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടെന്നും സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.

10. KMBR 2019 ചട്ടം 42 പ്രകാരം വിഭിന്ന ശേഷിക്കാർ, മുതിർന്നവർ കുട്ടികൾ എന്നിവർക്കായുള്ള സൗകര്യങ്ങൾ കെട്ടിടത്തിൽ നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.

11. പ്ലോട്ടിൽ നിലവിലുള്ള കെട്ടിടങ്ങൾ അംഗീകൃതമാണെന്നും സൈറ്റ് പ്ലാനില് പൊളിച്ച് നീക്കാനുള്ളത് എന്ന് രേഖപ്പെടുത്തിയിട്ടുള്ള നിർമ്മാണങ്ങള് പൊളിച്ച് നീക്കേണ്ടതുമാണ്.

12. ഫയർ എസ്കേപ്പ് സ്റ്റെയർ KPBR ചട്ടം 35(2) പ്രകാരം നൽകുന്നുണ്ടെന്ന് ഉറപ്പ് വരുത്തണം.
13. അധ്യായം XVII ലെ വ്യവസ്ഥകൾ പൂർണ്ണമായും പാലിചിട്ടുണ്ടെന്ന സെക്രട്ടറി ഉറപ്പ വരുത്തേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

<u>2/2023 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാനുകൾ ഇതോടൊപ്പം അയയ്ക്കുന്നു.</u>

ഉള്ളടക്കം : പ്ലാൻ ഒരു സെറ്റ്

Signed by
Shary M V
TOWN PLANNER
Date: 04-01-2023 12:36:23

Dr വി.എസ്. രാജീവ് & Dr. മിനി രാജീവ്,
മാനേജിങ് ഡയറക്ടർ ,
രാജീവ് ഹെൽത്ത് കെയർ ആൻഡ് റിസേർച് പ്രൈവറ്റ് ലിമിറ്റഡ്,
പുലമൺ പി ഒ ,
കൊട്ടാരക്കര

I/80938/2023

പകർപ്പ്:

സെക്രട്ടറി

കൊട്ടാരക്കര നഗരസഭ